# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2934 — 13-07-2015- ൽ മറുപടിക്ക്

## വിഴിഞ്ഞം രാജ്യാന്തര കണ്ടെയ്നർ തുറമുഖ നിർമ്മാണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കെ.വി.അബ്ദുൾ ഖാദർ : | | ശ്രീ. കെ.ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) | |
| (എ) | വിഴിഞ്ഞം രാജ്യാന്തര കണ്ടെയ്നർ തുറമുഖ നിർമ്മാണത്തിന് അദാനി ഗ്രൂപ്പുമായി കരാറിൽ ഏർപ്പെടാൻ അനുമതി നല്കിക്കൊണ്ടുള്ള ഉത്തരവിന്റെയും ഇതിനായി മന്ത്രി സഭാ യോഗത്തിന്റെ പരിഗണനയ്ക്ക് വന്ന നിർദ്ദേശത്തിന്റെയും പകർപ്പ് ലഭ്യമാക്കാമോ; | (എ) | വിഴിഞ്ഞം രാജ്യാന്തര കണ്ടെയ്നർ തുറമുഖ നിർമ്മാണത്തിന് അദാനിഗ്രൂപ്പ് സമർപ്പിച്ച ബിഡിന് അംഗീകാരം നൽകിക്കൊണ്ട് പുറപ്പെടുവിച്ച ഉത്തരവിന്റെയും മന്ത്രിസഭാ യോഗത്തിന്റെ പരിഗണനയ്ക്ക് വന്ന നിർദ്ദേശത്തിന്റെയും പകർപ്പുകൾ അനുബന്ധം I ആയി വച്ചിട്ടുണ്ട്. |
| (ബി) | മന്ത്രിസഭാ യോഗത്തിന്റെ പരിഗണനയ്ക്ക് വന്ന നിർദ്ദേശത്തിന്മേൽ ധനകാര്യം, നിയമം തുടങ്ങി ഏതെല്ലാം വകുപ്പുകളുടെ അഭിപ്രായം തേടിയിട്ടുണ്ടായിരുന്നു, ബന്ധപ്പെട്ട വകുപ്പുകളുടെ അഭിപ്രായത്തിന്റെ പൂർണ്ണ രൂപത്തിലുള്ള പകർപ്പ് ലഭ്യമാക്കാമോ. | (ബി) | നിയമ വകുപ്പിന്റെയും സ്റ്റോർസ് പർച്ചെയ്സ് വകുപ്പിന്റെയും അഭിപ്രായം ആരാഞ്ഞിരുന്നു. പ്രസ്തുത വകുപ്പുകളുടെ അഭിപ്രായം യഥാക്രമം അനുബന്ധം II, III ആയി വച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്